"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 13/08/2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം - മണർകാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2525/2024/LSGD തീയതി, തിരുവനന്തപുരം, 23-12-2024**

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 1165/04/ത.സ്വ.ഭ.വ, തീയതി, 27/03/2004.
2. സ.ഉ.(കൈ) നം. 233/2015/കൃഷി, തീയതി, 02.12.2015.
3. മണർകാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 21/10/2023-ലെ 3(1) നമ്പർ തീരുമാനം
4. മണർകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ.
5. 06/03/2024, 13/08/2024 എന്നീ തീയതികളിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.68, 4.11 നമ്പർ തീരുമാനങ്ങൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമ പഞ്ചായത്തിൽ ഗ്രാമീണ ചന്ത, ടാക്സി സ്റ്റാന്റ് എന്നിവ നിർമ്മിക്കുന്നതിനായി പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനോട് ചേർന്നുള്ളതും വർഷങ്ങളായി തരിശു കിടക്കുന്നതുമായ 37.67 ആർ സ്ഥലം നിബന്ധനകൾക്ക് വിധേയമായി വിലയ്ക്കും 87.09 ആർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി പൊന്നും വിലയ്ക്കും ഏറ്റെടുത്തിരുന്നു. സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം ടി ഭൂമി പരിവർത്തനപ്പെടുത്തി ഗ്രാമീണ ചന്ത, ടാക്സി സ്റ്റാന്റ് എന്നിവ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള നിർമ്മിതികൾ കഴിച്ച് ബാക്കിയുള്ള സ്ഥലം സൂചന (2) ഉത്തരവിൽ നിന്നും വ്യതിചലിച്ച് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാകാത്തതുമൂലം ഉപയോഗശൂന്യമായി കിടക്കുകയാണെന്നും ആയതിനാൽ ബാക്കിയുള്ള സ്ഥലത്ത് എം.സി.എഫ്., കുട്ടികളുടെ പാർക്ക്, വനിത/വയോജന വിശ്രമകേന്ദ്രം ഫുട്ബോൾ ടർഫ്, വോക്ക് വേ, ഓഡിറ്റോറിയം, ഷോപ്പിംഗ് കോംപ്ലക്സ് എന്നീ പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതിക്കായി പരാമർശം (3) പ്രകാരം മണർകാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2) 06.03.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ടി വിഷയം പരിശോധിക്കുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിലും ഭരണസമിതി തീരുമാനത്തിലും വാങ്ങിയ സ്ഥലത്തിന്റെയും ഇനി ലഭ്യമായ സ്ഥലത്തിന്റെയും വിവരങ്ങൾ സംബന്ധിച്ച് വ്യത്യാസമുള്ളതിനാൽ ആയത് പരിഹരിച്ച നൽകുന്നതിന് മണർകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ഇനി ലഭ്യമായ സ്ഥലം മേൽ വിവരിച്ച എല്ലാ സൗകര്യവും ഒരുക്കുന്നതിന് പര്യാപ്തമല്ലായെന്നും ആയതിനാൽ അതുകൂടി പരിശോധിച്ച് വിവരങ്ങൾ വ്യക്തതയോടെ നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

3) മണർകാട് ഗ്രാമപഞ്ചായത്ത് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത 124.76 സ്ഥലത്തിൽ 18.90 ആർ സ്ഥലം കരഭൂമിയാണെന്നും ബാക്കിയുള്ള നിലം വിഭാഗത്തിൽപ്പെട്ട 105.86 ആർ സ്ഥലം പരിവർത്തനപ്പെടുത്തി ഗ്രാമീണചന്തയും ടാക്സി സ്റ്റാന്റും നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം അനുവാദം ലഭിച്ചിട്ടുണ്ടെന്നും ഗ്രാമീണ ചന്തയ്ക്കും ടാക്സി സ്റ്റാന്റിനും 20 ആർ സ്ഥലം മതിയെന്നും ബൈപ്പാസ് റോഡിനും ലിങ്ക് റോഡിനുമായി 35.56 ആർ സ്ഥലം എടുത്തുവെന്നും ബാക്കിയുള്ള 50.30 ആർ സ്ഥലത്ത് കളിസ്ഥലം, എം.സി.എഫ്, ഓപ്പൺ ജിം, ഓഡിറ്റോറിയം കം ഷോപ്പിംഗ് കോംപ്ലക്സ്, വോക്ക് വേ എന്നിവ ഏറ്റെടുക്കുന്നതിനും കരഭൂമിയായ 18.90 ആർ സ്ഥലം പാർക്കിംഗിനും വേണ്ടി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്നുമുള്ള മണർകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് 13/08/2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പരിഗണിക്കുകയും താഴെ പറയുന്ന നിബന്ധനകളോടെ മേൽ പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

i. ഇവയ്ക്ക് പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ നിലവിലുള്ള മാനദണ്ഡപ്രകാരം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു നൽകേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
ii. പൊതു ആവശ്യത്തിനായതിനാലാണ് നിലം നികത്തുന്നതിന് 02/12/2015-ൽ 233/2015/കൃഷി നമ്പർ പ്രകാരം സർക്കാർ അനുമതി നൽകിയത്. ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കണമെന്ന് (ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടാതെ കനാൽ ഉണ്ടാക്കണം എന്നതടക്കമുള്ളവ) നിർദ്ദേശിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13/08/2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന നിബന്ധനയോടെ ബാക്കിയുള്ള 50.30 ആർ സ്ഥലത്ത് കളിസ്ഥലം, എം.സി.എഫ്, ഓപ്പൺ ജിം, ഓഡിറ്റോറിയം കം ഷോപ്പിംഗ് കോംപ്ലക്സ്, വോക്ക് വേ എന്നിവ നിർമ്മിക്കുന്നതിനും കരഭൂമിയായ 18.90 ആർ സ്ഥലം പാർക്കിംഗിനും വേണ്ടി ഉപയോഗിക്കുന്നതിനും മണർകാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രസിഡന്റ്/ സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ആഡിറ്റ്), തിരുവനന്തപുരം.
ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ, ഐ. & പി.ആർ.ഡി, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/72/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 23-12-2024 13:46:35
സെക്ഷൻ ഓഫീസർ